DTETVM/138154/2011-EA5 07-08-2024

# നോട്ടീസ്

സർക്കാർ എഞ്ചിനിയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസ്സറായ ശ്രീ. ഷിജു എം എന്ന താങ്കൾ കോഴിക്കോട് , സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ, ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസ്സർ ആയി സേവനം അനുഷ്ഠിക്കവേ, 2007 മുതൽ തുടർച്ചയായി അനുബന്ധം XII എ പ്രകാരം ശൂന്യ വേതന അവധി അനുവദിക്കപ്പെട്ടിരുന്നു. 26.03.2023 അപരാഹ്നത്തിൽ ശൂന്യ വേതന അവധിയുടെ കാലാവധി അവസാനിക്കുകുകയും തിരികെ ജോലിയിൽ പ്രവേശിക്കാൻ തയ്യാറാണെന്ന് താങ്കൾ സ്ഥാപന മേധാവിയെ അറിയിക്കുകയും ചെയ്തിരുന്നു . എന്നാൽ ടി വിഭാഗത്തിൽ പ്രസ്തുത കാലയളവിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ അടിയന്തിരമായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നല്കിയിരുന്നുവെങ്കിലും · താങ്കൾ നാളിതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല . അനധികൃതമായി അവധിയിൽ തുടരുകയും ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും ചെയ്യുന്ന താങ്കൾക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോ .കുറ്റാരോപണ പത്രിക, എന്നിവ സ്ഥാപന മേധാവി മുഖേനെ താങ്കൾക്കു അയച്ചു നൽകിയിരുന്നുവെങ്കിലും ആയതിനു താങ്കൾ നാളിതുവരെയും മറുപടിയൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല . ആയത് താങ്കളുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയും കൂടാതെ അച്ചടക്ക ലംഘനവുമാണ്.

അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന താങ്കളുടെ പ്രവൃത്തി ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഔദ്യോഗീക കർത്തവ്യങ്ങളുടെ ഉത്തരവാദത്വമില്ലായ്മയും കൃത്യനിഷ്ഠയില്ലായ്മയും ,അച്ചടക്ക ലംഘനവുമായി വിലയിരിത്തുന്നു. താങ്കൾക്കെതിരെ 1960ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും,നിയന്ത്രണവും അപ്പീലും) കേരള സർവ്വീസ് റൂൾസ് ചട്ടം 19 അനുസരിച്ച് താങ്കളെ സർവ്വീസിൽ നിന്നും പിരിച്ച് വിടാതിരിക്കാൻ താങ്കൾക്ക് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം ബോധിപ്പിക്കാനായി കുറ്റാരോപണത്തിൻറെ വിശദാംശങ്ങൾ അടങ്ങിയ 22.12. 2023 തീയതിയിലെ കാരണം കാണിക്കൽ നോട്ടീസ് ഇതേ നമ്പർ കത്ത് പ്രകാരം സ്ഥാപന മേധാവി മുഖേന താങ്കൾക്ക് അയച്ചിരിന്നു. എന്നാൽ താങ്കൾ പ്രതിവാദ പത്രിക നിർദ്ദേശിച്ചിരിന്ന സമയപരിധിക്കുള്ളിൽ നൽകിയില്ല. ആയതിനാൽ താങ്കളെ സർവ്വീസിൽ നിന്നും പിരിച്ച് വിടാതിരിക്കുവാൻ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ, ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ആയത് ലഭിച്ചിരിക്കണം.പ്രസ്തുത കാലാവധിക്ക് ശേഷം യാതൊരു പ്രതിവാദ പത്രികയും ലഭിക്കുന്നില്ലായെങ്കിൽ, താങ്കൾക്ക് ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും,നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(13)ലേയും 11(1)(vii)ലേയും വ്യവസ്ഥകൾക്ക് വിധേയമായി നടപടികൾ

പൂർത്തിയാക്കുന്നതാണെന്ന  വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

SHALIJ P R

DIRECTOR

Signed by
Shalij P R
Date: 07-08-2024 23:06:02